പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3484 16.12.2015 ൽ മറുപടിയ്ക്ക്

**വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

ചോദ്യം മറുപടി

ശ്രീ.സി.മോയിൻ കുട്ടി

ഡോ.എം.കെ.മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച് 9748/ഡി2/13/എസ്.ഡബ്ല്യൂ.ഡി നമ്പർ ഫയലിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല |
| (ബി) അംഗീകൃത തസ്തികകളുടെയെല്ലാം ശമ്പള പരിഷ്കരണത്തിന് ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുമതി ലഭിച്ച് ധനകാര്യ വകുപ്പിൽ നിന്നും ഫയൽ തിരികെ ലഭിച്ചതെന്ന് വിശദമാക്കുമോ;<br><br>(സി) എത്ര തവണ ഈ ഫയലിൽ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്; ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഏതെങ്കിലും ധനകാര്യവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ;<br>(ഡി) ശമ്പള പരിഷ്കരണ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനായി ധനകാര്യ വകുപ്പ് അനുമതി നൽകിയ പ്രകാരം ഉത്തരവാക്കാനും കൂടുതൽ പേർക്ക് ആനുകൂല്യം കിട്ടേണ്ടതുണ്ടെങ്കിൽ അക്കാര്യം പ്രത്യേകം പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി), (സി) & (ഡി)<br><br>വികലാംഗകോർപ്പഷനിലെ വിവിധ കാറ്റഗറികളിലെ തസ്തികകളുടെ എണ്ണം നിശ്ചയിച്ച് ഒരു ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം മാത്രമേ ശമ്പളപരിഷ്കരണം അനുവദിക്കാൻ കഴിയുകയുള്ളൂ എന്ന് 27.10.2014 ൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ